H.S. 1719

കേരള
മലയാള പദ്യപാഠാവലി

GOVT. HIGH SCHOOL KOTTAYAM

പുസ്തകം I

ഗവണ്മെൻറ നിയമിച്ച കമ്മിററി തയ്യാറാക്കിയതു്

(പകൎപ്പവകാശം ഗവണ്മെൻറിനു്)

1958.

കേരള
മലയാള പദ്യപാഠാവലി

പുസ്തകം I

ഗവണ്മെൻറു നിയമിച്ച കമ്മിററി തയ്യാറാക്കിയതു്

(പകൎപ്പവകാശം ഗവണ്മെൻറിനു്)

1958—59.

[വില 25 നയാ പൈസ.

Printed by
S. T. Reddiar & Sons, V V. Press, Quilon
for
The Government of Kerala

©
Government of Kerala

H. S. 1719

കേരള മലയാള പദ്യപാഠാവലി

പുസ്തകം I

GOVERNMENT HIGH SCHOOL KOTTAYAM KERALA STATE

1. എരുവയിൽ അച്യുതവാരിയർ (കുഞ്ഞിക്കുട്ടൻതമ്പുരാൻ)
2. കർമ്മഭൂമിയുടെ പിഞ്ചുകാൽ (വള്ളത്തോൾ നാരായണമേനോൻ)
3. മരണമടുത്തപ്പോൾ (കെ. സി. കേശവപിള്ള)
4. മായാഭ്രമം (ഉള്ളൂർ എസ്. പരമേശ്വരയ്യർ)
5. വനസൌന്ദര്യം (എൻ. കുമാരനാശാൻ)
6. രണ്ടു കർഷകന്മാർ (ജി. ശങ്കരക്കുറുപ്പ്)
7. പൂക്കാരി (എം. ആർ. കൃഷ്ണവാര്യർ)
8. പുതുമഴപെയ്യുമ്പോൾ (എൻ. ബാലാമണിയമ്മ)
9. നിത്യവിശ്രമം (വെണ്ണിക്കുളം ഗോപാലക്കുറുപ്പ്)
10. ആയിരത്തൊന്നു രാവുകൾ (വൈലോപ്പിള്ളി ശ്രീധരമേനോൻ)
11. ഉണ്ണിയേശു (മേരിജോൺ കൂത്താട്ടുകുളം)
12. കവിയോട് (ഒളപ്പമണ്ണ സുബ്രഹ്മണ്യൻനമ്പൂതിരിപ്പാട്)
13. നിർവ്വാണമണ്ഡലം (വി. വി. കെ. നമ്പ്യാർ)
14. കടത്തുകാരൻ (ടി. എൻ. ഗോപിനാഥൻനായർ)
15. വസന്തകാന്തി (നാലാങ്കൽ കൃഷ്ണപിള്ള)
16. ഞങ്ങൾ പോകുന്നു (കെടാമംഗലം പപ്പുക്കുട്ടി)

കേരള മലയാള പദ്യപാഠാവലി

എരുവയിൽ അച്യുതവാരിയർ

കായംകുളത്തരചനോടു വിരോധശക്തി-
യ്ക്കായംമുഴുത്തു പടവെട്ടി വരുന്നകാലം
സായംമടങ്ങി മതിമങ്ങിയൊഴിഞ്ഞു കൊല്ല-
ത്തായന്തിപാർത്തിതു വലഞ്ഞൊരു വഞ്ചിരാജൻ.

ആ മന്നവൻ മദമമന്ദ മനസ്സുകെട്ടു
കാമംകുറഞ്ഞു തലതാഴ്ത്തിയിരുന്നിടുമ്പോൾ
സാമർത്ഥ്യമേറിയൊരു മന്ത്രി, യുള്ളുക്കറിഞ്ഞ
രാമയ്യനന്തികമണഞ്ഞു പറഞ്ഞു മെല്ലേ:

"സ്വാമീ, പെരുത്തപടയോടുമെതിർത്തുചെന്നു
നാമീവിധം പലദിനം പടതോററുപോവാൻ
ഭൂമീശ ബാഹുബലമൊന്നതു മാത്രമല്ല,
കാണ്മീലയോ, സചിവബുദ്ധിയുമുണ്ടുമൂലം.

ഉൾക്കേറിടുന്നെരുവയച്യുതവാരിയർക്കു
കൈക്കേററമുണ്ടു വിരുതായതുതന്നെപോരാ;
അക്കേമനുള്ള മതിയാം പടനായകത്വ-
മുൾക്കേററമൂലമിഹ നമ്മളെ വെന്നിടുന്നു.

ഉൾപ്പോർവഴിക്കു ചിലതിജ്ജനമോർത്തു പോരിൽ-
ക്കെൽപ്പോടു ചെയ്യുകിലവക്കതു പുല്ലുപോലെ;
അപ്പോ, നിഗൂഢമതി വാരിയർ കണ്ടുചെയ്യു-
മപ്പോർ നമുക്കറിയുവാൻ വളരെ പ്രയാസം.

GOVERNMENT HIGH SCHOOL KOTTAYAM KERALA STATE
HIGH SCHOOL ... KOTTAYAM

നോക്കുമ്പൊളില്ല പടയാളികൾ; നമ്മൾക്കേറി
നോക്കുമ്പൊളമ്പുകളസംഖ്യമണഞ്ഞുകാണാം;
ആൎക്കും പടജ്ജനമുടഞ്ഞിട്ടുമപ്പൊൾ, മാററാർ
നേൎക്കുംപടിക്കു പടനായകനുണ്ടു മുമ്പിൽ.

ആ വാരിയൻ പടനടത്തിയെതിൎത്തിടുമ്പോൾ–
ച്ചാവാനൊരുങ്ങിയണിയിട്ടെതിരിട്ടുനമ്മൾ
ഹാ,വാശിയോടു പൊരുതീടിലുമിങ്ങു തോൽമ–
യാവാതെയുള്ള ദിവസം വളരെച്ചുരുക്കം·

ഇന്നായവൎക്കടവു വിദ്യകളൊന്നു, വേറി–
ട്ടൊന്നാണു നാളെ,യിത്തുമാതിരി മാറിമാറി
നന്നായ്‌രണപ്പുതുമകാട്ടി വരുന്നു സേനാ–
സന്നാഹയോഗവിധി കണ്ടൊരു വാരിയേന്ദ്രൻ.

സേനേശനായവിടെ വാരിയരുള്ളകാലം
ഞാനേററുറച്ചുപറയാ, മവരേ ജയിക്കൂ;
ഊനേതരപ്രകൃതി ഗൃദ്ധത കൂട്ടമായാൽ
താനേ കുടുങ്ങുമൊരെലിക്കെണി വെച്ചുനോക്കാം.

വിശ്രാന്തി നൽകുക പടയ്ക്കിനി രണ്ടുപക്ഷ,–
മിശ്രാന്തിതീൎത്തടവുകൂട്ടുകയാം സ്വപക്ഷം,
അശ്രാന്തകൌശലനയപ്പണിയാൽ വിപക്ഷ
മശ്രാവ്യമാക്കിടുവ,നില്ലിഹ രണ്ടുപക്ഷം.''

എന്നോതിടുന്ന സചിവന്റെ വചസ്സുകേട്ടി·
ട്ടൊന്നോളമു സസ്മിതമുരച്ചിതു വഞ്ചിരാജൻ;
“നന്നോതിടുന്നതുസഖേ, വഴിനോക്കു,കെന്നാൽ
നിന്നോളമേയിന്നുമുതലിദ്ധൃതിപെട്ടയുദ്ധം.”

ഏവം പറഞ്ഞവർ പിരിഞ്ഞു; കടുത്തയുദ്ധ-
ഭാവം നിലച്ചിതൊരുമാസ; മതിന്നിടയ്ക്കൽ
ആ വൻപരാം നരവരക്കടിമപ്പെട്ടോനാർ
കൈവന്ന വീഴ്ച്ചമിയലും ഭടർ വിശ്രമിച്ചു.

പാററീടുമല്ലൂടരണപ്രകണിപ്പിണക്കം
മാററീടുമായിടയിൽവന്നു ശനിപ്രദോഷം
ഏററീടിനോരു ശിവഭക്തിയൊടന്നു നോൽമ്പു
നോററീടിനാനരിയൊരച്യുതവാരിയേന്ദ്രൻ.

അന്തിക്കു താൻ കുളികഴിച്ചൊരു പട്ടുടുത്തു
ചന്തിക്കു ഭസ്മവുമണിഞ്ഞൊരു മാലയേന്തി
വൻ തിക്കുമായ്ജ്ജനമണഞ്ഞിടുമമ്പലത്തിൽ
മുന്തിക്കുമാറഗ്ഗുരുസേവതുടങ്ങി വീരൻ.

ഗൌരീശനെത്തൊഴുതു വാരിയരീശസേവാ-
പാരീണനായ് ജപവുമായി വലത്തുവെയ്ക്കെ
ഭൂരീശനാമനികരങ്ങളുറച്ചു പാടി-
ശ്ശാരീരശുദ്ധി വെളിവാക്കിയൊരാളണഞ്ഞു.

രുദ്രാക്ഷമാലകളണിഞ്ഞു വിശുദ്ധപുണ്യ-
മുദ്രാവിലാസസിതഭസ്മമടിച്ചുപൂശി,
ഭദ്രാത്ഥനത്തൊടുമണഞ്ഞവനുച്ചഘോഷം
രുദ്രാദിമന്ത്രവുമുരച്ചു ഹരന്റെ മുമ്പിൽ.

തേവാരമിങ്ങനെ കഴിച്ചവസാനഭാവാൽ
ദേവാധിദേവനു നമസ്കൃതി ചോട്ടുപട്ടർ
ആ വാരിയന്റെ പിറകേ ഗുരുമൂർത്തിപോലെ
സേവാവിനീതനിലകാട്ടി വലത്തുവെച്ചു.

"നോക്കിൻറപോതു യശമാനർകൾ പോലിരുക്കിർ-
അക്കം മകാങ്കൾ ദയവാണ്ടവരിങ്കെ നീങ്കൾ,
നേക്കം തുണൈക്കറതുണ്ടായ"മിവണ്ണമോരോ
വാക്കും പറഞ്ഞു കിഴവൻ ബഹുസേവകൂടി.

"അങ്ങാരുവൃദ്ധ,ധരണീസുര? വാസദേശ-
മെങ്ങാണ്? ചൊൽകിവിടെ വന്നതുമെന്തിനിപ്പോൾ?"
മങ്ങാതെ വാരിയരുമീവക ചോദ്യമായി;
ചങ്ങാതിമെല്ലെയതിനുത്തരവും പറഞ്ഞു.

കായങ്കുളത്തു ശിവമന്ദിരമോടടുത്തി-
ട്ടായണ്ടു കാഞ്ചിലഴകാന്നൊരു കായലല്ലോ;
കായൽക്കടുത്തളവൊരോടിയണഞ്ഞു; പട്ടർ
മായംപറഞ്ഞവിടെ വാരിയരെപ്പിടിച്ചു.

"രാമയ്യനോ? പറകതാ"—നിതി വാരിയൻെറ
ഭീമസ്വരോക്തിയിൽ വയോധിക വേഷധാരി
"ആമയ്യ"യെന്നുമരചെയ്തു ബലാൽപ്പിടിച്ചു
സാമർത്ഥ്യമുള്ള ഭടരൊത്തുടനോടികേററി.

വഞ്ചിക്കു കായൽവഴി കൊല്ലമണച്ചുകേററി
വഞ്ചിക്കധീശനുടെ മുന്നിലണച്ചു മന്ത്രി
തഞ്ചിത്തധൈര്യമിളകാത്തെതിരാളിക്കുസാ-
തഞ്ചിക്കുമാററചനെത്തൊഴുതൊന്നുനോക്കി.

വ്യാജാൽപ്പിടിച്ചുവശനാക്കി വശത്തുനിത്തി
രാജാവു വാരിയരൊടാദരപൂർവ്വമോതി:
"ഹേ ജാത്യമുള്ള രണശൂര,ഭവാൻ മദീയ-
രാജാങ്കമായ ഭടനായകവാളുവാങ്ങു."

ആണായൊരച്ച്യുന പിറന്നവനാണു, മുമ്പിൽ-
ക്കാണായിനില്ലുമവനിപ്പണി പററുകില്ല;
പ്രാണാവസാനമടിയന്നണയാതെകണ്ടു
കേണാലുമൊട്ടുമവിടുന്നു ജയിക്കയില്ല.

വല്ലേടം തടവിൽപ്പിടിച്ചടിയനെ
ബ്ബന്ധിച്ചടച്ചീടിലും
ചെല്ലേണ്ടുംസമയം പടത്തലയിലു-
ണ്ടീയച്യുതൻ നിശ്ചയം;
അല്ലേ മന്നവ, നീ ജയത്തിനു നയം
കണ്ടാലു"മെന്നാനവൻ;
ചൊല്ലേണ്ടാകഥ, പിന്നെയുള്ളൊരുഫലം
കായങ്കുളം കായലിൽ.

GOVT. HIGH SCHOOL, Date KOTTAYAM.

കുഞ്ഞിക്കുട്ടൻതമ്പുരാൻെറ
കൃതികൾ]

[കുഞ്ഞിക്കുട്ടൻതമ്പുരാൻ.

കർമ്മഭൂമിയുടെ പിഞ്ചുകാൽ.

ആററിലേയ്ക്കച്യുത, ചാടൊല്ലേ, ചാടൊല്ലേ,
കാട്ടിലെപ്പൊയ്കയിൽ പോയിനീന്താം;
കാളക്കൂടോല്ക്കട കാകോളമാളിന
കാളിയൻ പാർപ്പുണ്ടീക്കാളിന്ദിയിൽ.

ആരിതെറിഞ്ഞുകൊടുത്തു, യശോദതൻ
മാറിലെത്തുമണിമാല്യമതാ,
കാളിന്ദിതന്നുടെ കാളിമാവേന്തിയ
ചേലയിൽ ചീളെന്നു ചെന്നുവീണു!.

പല്ലവം പോലുള്ള രണ്ടുമിളം കൈകൾ വ-
ന്നുല്ലസല്ലീലമായ് ത്തല്ലുകയാൽ
വെണ്മുലപ്പാൽനുര ചിന്നിച്ചിതറി ന-
ല്ലമ്മയാമന്നദിയ്ക്കാർദ്രനെഞ്ചിൽ!

കണ്ണന്റെ പൊന്നുടൽ കാനനധൂളി വി-
ട്ടുണ്ണിക്കതിരോന്റെ ബിംബംപോലെ,
പേർത്തും വെളിവുപൂണ്ടപ്പുഴതന്നല-
ച്ചാർത്തിലിളകി മറിഞ്ഞു മിന്നീ.

മുങ്ങുമൊരേടത്തു, മറെറാരേടത്തുപോയ്-
പ്പൊങ്ങു,മലകൾ മുറിച്ചു നീന്തും,
ഇങ്ങനെ സംസാരനാടകമാടിനാ-
നങ്ങവൻ വാരുണ രംഗത്തിങ്കൽ!

ദൂരത്തൊരേടത്തു ശാന്തമായ്മേവിയ
നീരിന്നകത്തൊരിളക്കമുണ്ടായ്;
സ്ഫീതങ്ങളായങ്ങു പൊങ്ങീ കുമിളക-
ളേതോ വിപത്തിൻ മുളകൾ പോലെ.

ആററിലൊലിച്ചു വരുന്നതെന്തിതൊ-
രായിരം കൊമ്പുള്ള മാമരമോ?
അയ്യോ! സഹസ്രഫണോഗ്രക്കരിമ്പാമ്പെ-
ങ്ങി!—യ്യോമൽക്കോമളപ്പൈതലെങ്ങോ!

നെഞ്ഞത്തു കൈവച്ചു കേണാർക്കമ്പാടി-
ക്കുഞ്ഞുങ്ങളോടൊപ്പമാററുവക്കിൽ.
മൂക്കവിടന്നുയർന്നുള്ള ശിരസ്സോടും
നോക്കിനില്പായി പകച്ചു കണ്ണാൽ,
വൃന്ദാവനത്തിലെപ്പുത്തിളം പുല്ലുകൾ
തിന്നു തടിച്ചു കൊഴുത്ത പയ്യുകൾ:

ആശ്രയവർഗ്ഗങ്ങളേകപ്രാണമരുത്തല്ലോ
പായുന്നു പാമ്പിന്റെ വായിലേയ്ക്കായ്!

കണ്ടോളമാററിലെ വെള്ളമിടയ്ക്കിടെ
രണ്ടായ്പ്പകുത്തുകൊണ്ടപ്ഫണീന്ദ്രൻ
ചീററി മുന്നോട്ടു വിടുന്ന വിഷക്കൊട്ടം–
കാററിക്കിടാവിനു പൂന്തെന്നലോ?

തുംഗശരീരനസ്സർപ്പത്താൻ ബാലനു
പൊങ്ങുതടിയായ് നുറുങ്ങുനേരം;
കാലപാശോപമം കാളിയൻ തന്റെവാ–
ലോ,ലപ്പാമ്പിന്റെ വാലെന്നപോലെ
ചേലിൽപ്പിടിച്ചു വലിച്ചാൻ കുറച്ചിട
പേലവമാകിയ കൈമലരാൽ;
ദംഷ്ട്രാകരാളമാം വക്ത്രം പിളർത്ത, തി–
ചിട്ടാൻ കരങ്ങളിടയക്കുട്ടൻ.

ചാൽകൊണ്ടു തല്ലിയും വട്ടത്തിൽച്ചുററിയും
വാശിയാൽ കീഴ്മേലായ് മറിഞ്ഞും
കാളിന്ദിയിട്ടു കലക്കിനാൻ കാളിയൻ
കാട്ടാന കൊച്ചുകുളത്തെപ്പോലെ.

പൂമ്പൈതൽ പിന്നെയപ്പൂരിതക്രോധനാം
പാമ്പിന്റെ പൊങ്ങിയ പത്തിതോറും
ചെങ്കഴൽകൊണ്ടു ചവുട്ടിത്തുടങ്ങിനാൻ
തങ്കച്ചിലങ്ക കിലുങ്ങുംവണ്ണം.
പീലിപ്പുരികുഴൽ കെട്ടഴിഞ്ഞുണ്ണിതൻ
തോളിൽപ്പതിഞ്ഞതിൻ തുമ്പുകളിൽ
വെള്ളത്തിൻ തുള്ളികളൊട്ടൊട്ടു നിന്നാടീ,
വെള്ളിയലുക്കുകളെന്നപോലെ.

ചിന്നിപ്പരന്നിതു ഹാഹാമഹാരവം
മന്നിലും വാനിലും നാലിടത്തും:
ആവൂ! കുരുന്നുകാലാരോമൽക്കുഞ്ഞിനു
നോവുകയില്ലേ? മുറിപ്പെടില്ലേ?
പാരിച്ച പാമ്പിൻെറ പത്തിപ്പരപ്പിതു
പാറയെക്കാളും കഠോരമേററം.
ചോര തെറിക്കുന്നുവല്ലോ കുമാരക,
പോരുമേ പോരുമേ സാഹസങ്ങൾ!

കൈക്കുഞ്ഞിൻ കാൽച്ചവുട്ടേററു വശംകെട്ടു
മേല്ക്കുമേൽക്കക്കിയ ശോണിതത്താൽ,
ചീർത്തപടങ്ങൾ കുനിച്ചതാ, കുങ്കുമം
ചാർത്തിച്ചു കാളിയൻ കാളിന്ദിയെ.

ആ വിഷം നീങ്ങിയ പുണ്യസരിത്തിനെ
ദ്യോവിൽനിന്നീക്ഷിച്ച ദേവർഷിമാർ
ശുഭ്രമേഘങ്ങളിലൂടെ പൊഴിച്ചാരൊ-
രുൾപ്പൊട്ടിയൊരുള്ളഞ്ചിന പുഞ്ചിരിയെ:

"ധ്വസ്ത ഭുവനമാം ദൌഷ്ട്യമേ, നിൻതല-
യെത്രപരത്തിയുയർത്തിയാലും,
ഇക്കർമ്മഭൂമിതൻ പിഞ്ചുകാൽ പോരുമേ
ചിക്കെന്നതൊക്കെച്ചവുട്ടിത്താഴ്ത്താൻ!"

സാഹിത്യമഞ്ജരി നാലാംഭാഗം.] [വള്ളത്തോൾ.

മരണം അടുത്തപ്പോൾ

ഉല്ലാസപ്രദമായ യൗവനമഹം കൈവിട്ടുവാൎദ്ധക്യമാം
വല്ലാതുള്ളോരരണ്യദേശമതിൽ വന്നെത്തുംഗവൈരത്തോടേ
മല്ലാടുന്ന മഹാമയാഹ്വയമെഴും സൎപ്പത്തിനാൽ ഗ്രസ്തനായ്
നില്ലാതായിനിമേലിതിങ്കൽ വിജയം തെല്ലും ഭവിക്കില്ല മേ.

ഹാഹാ! ഭൂതലവാസമെത്ര പരമാനന്ദത്തിനിന്നാസ്പദം
ഹാഹാ! സൂൎയ്യസുധാകരാദികൾ വിളങ്ങീടുന്നൊരാകാശവും
ഹാഹാ! പുഷ്പഫലാദി പൂൎണ്ണതരുജാലോല്ലാസിനീ ഭൂമിയും
ഹാഹാ! സൽസമസൃഷ്ടരും തരുമൊരസ്സൗഖ്യങ്ങളോൎക്കാവതോ!

കാലത്തിങ്ങെഴുനേററു നോക്കുമളവിൽ ബാലാൎക്കനോലും പ്രഭാ-
ജാലത്താൽ ഭുവനേ നിറഞ്ഞൊരു തമസ്സെല്ലാം ശമിപ്പിച്ചുടൻ
മാലെത്തീട്ടകലുന്ന കോകനിരതൻ സന്തോഷസന്താനമായ്
ചേലൊത്തങ്ങു വിളങ്ങിടുന്നതിനിമേൽ കാണുന്നതെന്നാണു ഞാൻ.

പ്രാണാധീശ്വരിയായിട്ടും കുമുദിനിക്കൊട്ടേറെ വാട്ടംകൊടു-
ത്താണാഭാനുഗമിച്ചതെന്നു കരുതിക്കത്തുന്ന കോപത്തിനാൽ
ശോണാതിപ്രഭയാൎന്നയൻ കരവും നീട്ടിപ്പകിട്ടേറിടു-
ന്നേണാങ്കൻ ദിവി വാണിടുന്ന വിധവും കാണുന്നതെന്നാണിനി!

പാലോലുന്ന മനോഹരാംശു നികരത്താലാശു നാലാശകൾ-
ക്കാലോകം ബഹുഭംഗിപൂൎവ്വമരുളിക്കത്തും കലാനാഥനെ
താലോലിച്ചുമകന്നു നമ്മളുടെ നല്ലമ്മാവനല്ലോ തെളി-
ഞ്ഞാലോകിച്ചിടുകെന്നു ചൂണ്ടുവിരലാൽ കാണിപ്പതെന്നാണിനി!

പുഷ്ടപ്രേമമൊടെന്നൊടൊത്തു വിളയാടീട്ടുള്ള ശിഷ്ടാഗ്ര്യരാ-
മിഷ്ടന്മാർ മമ ദിഷ്ടദോഷമിതിനെക്കേട്ടീടിൽ ഞെട്ടിപ്പരം

ദ്ദൃഷ്ടിത്തെല്ലതിൽ നിന്നമന്ദമൊഴുകുന്നശ്രുക്കൾ പൂണ്ടേറ്റവും
'കഷ്ടം! കഷ്ട'മിതെന്നു ചൊല്ലിയധികം ഖേദിച്ചു രോദിച്ചിടും.

അയ്യോ! ദുർവ്വിധ ഗർവ്വമാർന്നു, തിരളും തിന്മയ്ക്കെഴും കല്മഷ-
ക്കയ്യോരോന്നു കടന്നു ഹന്ത! ചിലരിൽച്ചെയ്തിട്ടുമുണ്ടേറ്റു ഞാൻ
പൊയ്യോതുന്നതിനും പൊടിപ്പൊറുതിയെപ്പോററും പ്രയത്നങ്ങളം-
ലിയ്യോകസ്സു ഹരിപ്പതിന്നുമിടയിങ്ങുണ്ടായി പണ്ടാവിധം.

ആലോലാശ്രു കലർന്നിളം തളിർ കരത്താലോമനക്കുഞ്ഞിനെ-
ത്താലോലിച്ചു തളർന്നുനിന്നു വലയുന്നീ ലോലമാൻകണ്ണിയെ
ച്ചേലോലും പല ലീലയാർന്നകമലിഞ്ഞാലോകനം ചെയ്തിടാ-
ന്നീ ലോകത്തെ വെടിഞ്ഞുപോവതിലെഴും മാലോർപ്പ-
തിന്നാവതോ!

ഈ വന്നോരു മഹാർത്തിതീർത്തിവിടെ നിന്നൊന്നങ്ങെഴുന്നേററു ഞാ-
നാഢിമ്മോദരസം വസിച്ചു വിവിധം കൃത്യം നടത്തിസ്സുമം
ഭാവം ഹന്ത! തെളിഞ്ഞു മാനസസമാധാനം കലർന്നിട്ടുടൻ
ഭൂവാസത്തെ വെടിഞ്ഞുവെങ്കിലിതുപോലില്ലായിരുന്നല്ലൽ മേ.

എന്താണീ മൃതിയെന്നതേതുവിധമാണേതും നിനയ്ക്കാവത-
ല്ലെന്താപത്തിതു നിദ്രപോലെ വരുമോ നിരന്തരം തന്നിലും
സന്താപപ്രമദങ്ങളേകുമതിയായ് സ്വപ്നങ്ങളിന്നല്പമ-
ല്ലെൻതാപം ബത! ദീർഘനിദ്രയിതു താനെന്നായി വന്നീടുമോ!

ഏതും ചെയ്വതിനോർത്തു കണ്ടിടുകിലാളല്ലാതെ വല്ലാതെയി-
ങ്ങാതുംഗാർത്തി കലർന്നു ഞാൻ ബത! മരിച്ചെന്നായി വന്നീടിലും
ശ്രീതുള്ളും നരജന്മമേവമിനിയും ചൊല്ക്കൊണ്ടു കൈക്കൊണ്ടിടാം
ഹേതുത്വം മമ കർമ്മസന്തതിയതിന്നേതാനുമുണ്ടാകുമോ?.

ആസന്നമരണ ചിന്താശതകം] [കേ. സീ. കേശവപിള്ള

മായാഭ്രമം

ആതുരൻ പുരോഹിതൻ
വൈദ്യനോടോതീ: "തെല്ലും
ഭേദമെൻ ദീനത്തിനി-
ല്ലെന്തിനിച്ചെയ്യേണ്ടു ഞാൻ?"
"ഇസ്ഥലം വെടിഞ്ഞങ്ങു പോകണം,"
ചൊന്നാൻ വൈദ്യൻ:
"സത്വരം മറെറങ്ങാനും;
എങ്കിലേ സുഖം കിട്ടൂ."
"എന്നെക്കൊണ്ടാവില്ലതെ-
ന്നെത്ര ഞാൻ പറഞ്ഞിട്ടും
പിന്നെയും ഭവാനെന്തി-
ന്നാവചസ്സാവർത്തിച്ചു?
ഈ നവീനമാം മേട-
യീ മനോജ്ഞമാം പൂങ്കാ,-
വീനല്ല മററുള്ളോരു
വസ്തുവിൻ കദംബവും,
ഏതുമട്ടയ്യോ, വിട്ടു
പോകും ഞാൻ? പരമന്ദ-
ചേതസ്സെന്നൊന്നില്ലാത്ത
ജന്തുക്കൾ ചികിത്സകർ!"
ഓതിനാൻ ഭിഷക്കതി-
ന്നുത്തരം: "ഭൈഷജ്യമീ

വ്യാധിക്കു മററി;ല്ലങ്ങു
 മാറിയേ ശരിപ്പെട്ടു.
ഇക്കണക്കിങ്ങല്ലാതെ
 പാക്കയില്ലെന്നാൽപ്പോകാം
സ്വർഗ്ഗത്തേയ്ക്കുടൻ തന്നെ;
 ശാഠ്യത്തോടാക്കേണ്ടാവൂ?
എത്രയോ നന്നാണതി-
 ബ്ഭൂമിയെക്കാളെന്നല്ലീ
നിത്യവും പ്രസംഗിപ്പ-
 തൊന്നുപോയ് നേരിൽക്കാണ്ടു."

സ്വർഗ്ഗം—അശ്ശബ്ദം കേട്ടു
 ഞെട്ടിപ്പോയ്പ്പുരോഹിതൻ
ചിക്കെന്നു ദുഃസ്വപ്നത്തിൽ
 നിന്നുണർന്നവൻപോലെ.
"സ്വർഗ്ഗമോ?" ചൊന്നാൻ! "ഭവാൻ
 ഭ്രാന്തനോ? സഖേ, ദൂരെ
സ്വർഗ്ഗമങ്ങിരുന്നോട്ടേ
 തല്ക്കാലം ഞാൻ കൂടാതെ.
ഏതുമേ തിടുക്കമി-
 ല്ലങ്ങു ചെന്നെത്താനെനി;-
ക്കാതിഥ്യം നൽകേണ്ടതി-
 ല്ലന്യമാം ജഗത്തൊന്നും.
നല്ലതാണാക്കും നാക-
 മെങ്കിലും വലിഞ്ഞങ്ങു

ചെല്ലമാറുണ്ടോ കേറി-
ധീമാന്മാരനാഹൂതർ?

ആദർശമായിസ്സ്വർഗ്ഗ-
മാരാധിക്കുവാൻ കൊള്ളാം;

ക്ഷ്മാതലം മനുഷ്യർക്കു
സംവാസത്തിനും കൊള്ളാം.

ഉന്നതിക്കാശിപ്പീല,
വന്നിട്ടില്ലനന്തയാ-

മെന്നമ്മ തന്നങ്കത്തിൽ
ക്രീഡിച്ചിങ്ങലംഭാവം.

കാട്ടി ഞാനോരോ ഗോഷ്ഠി
വേതനത്തിനായ് നാക്കാൽ.

ഏട്ടിലെച്ചുരയ്ക്കു കൊ-
ണ്ടെവനു കൂട്ടാൻ വയ്ക്കാം?

വീട്ടുവിട്ടൊരംഗുലം
നീങ്ങുവാനാവാത്ത ഞാൻ

കൂട്ടുവിട്ടുടൻ പാഞ്ഞു
കൂടണം വാനിൽപ്പോലും!

തൊണ്ടയ്ക്കു താഴെത്തുള്ളി
നീരിറങ്ങാത്തോനാമോ

പണ്ടഗസ്ത്യനെപ്പോലെ
പാഥോധി പാനം ചെയ്യാൻ?

എങ്ങു ഞാനിപ്പോൾ മാറി-
പ്പാർക്കണം? ശാസിച്ചാലും;

മംഗളാത്മാവേ; സജ്ജ-
    നേതിനം ഭവദ്ദാസൻ.

ദ്വീപിലോ, ജലത്തിലോ,
    സൈകതപ്പരപ്പിലോ,

ദ്വീപികൾക്കാവാസമാം
    കാട്ടിലോ, ശൈലത്തിലോ,

എങ്ങുമെൻ യാത്ര്യംബത-
    ന്നംഗ,മങ്ങെങ്ങും ചെൽവാൻ

ചേതസ്സിൽ സന്ത്രാസമോ
    ഖേദമോ ജനിപ്പീല.

ന്നാകം—ആ ശബ്ദം മാത്ര-
    മുച്ചരിയ്ക്കൊല്ലേ ഭവാൻ,

ഹാ, ഭകൾപ്പൂരേഫം ഞാനൊ-
    ന്നപ്രിയം തന്മദ്ധ്യത്തിൽ.

ധാത്രനോടൊപ്പം തന്നെ-
    യാത്തനും കൊതിക്കുന്നു

ധാത്രിയിൽ ചിരാവാസം;
    ആശ്ചര്യം മായാഭ്രമം!

കല്യാണി] [ഉള്ളൂർ

വനസൌന്ദര്യം

കാണുന്നു ഞങ്ങ,ളണപൊട്ടിയപോൽ കിഴക്കു-
പൂഷണന്റെ ചിന്നുമരുണാരുണ കാന്തിപൂരം
ക്ഷോണീതലം നിറവതും, ഹിമശീകരങ്ങൾ
മാണിക്യശോഭ തടവുന്നതു,മൊട്ടുനേരം.

മെല്ലെന്നു ശാഖികളിലൂതിയ കാററിലൂർമ്മി
തല്ലുന്നപോലിളകിനിന്ന മഹാവനത്തിൽ
ഉല്ലാസമാർന്നു നടുവേ മുഴുകുന്നു ഞങ്ങ-
ളെല്ലാവരും, കടലിൽ മത്സ്യഗണം കണക്കേ.

സൂര്യൻ പുറത്തെഴുമിരുട്ടു,മകത്തു കാററിൻ
കാര്യം വെടിഞ്ഞനിലയും, സുഖമാം തണുപ്പും,
പര്യാകുലം കിളികൾതൻ സ്വനവും, മരത്തിൻ
നിര്യാസഗന്ധവുമഹോ, കവരുന്നു ചിത്തം.

നോക്കുന്ന ദിക്കുകളിലൊക്കെ മഹാതരുക്കൾ,
ചൂക്കം മഹാലതകൾ, ഭൂരിമുളന്തടങ്ങൾ,
നില്പാതെ വെള്ളിലകൾ വീണവ മെത്തയായു-
ള്ളക്കാട്ടിലെത്തറകു,ളാരിഹ വാഴ്ത്തുമെല്ലാം?

ഓടാതെ, കണ്ഠമണിനാദമെഴാതെ, ശക്തി
തേടുന്നവാറിവിടെ മന്ദമഹോ, നടപ്പു
മൂടാന്ന വണ്ടിയെയിഴച്ചിണയൊത്ത മൈസൂർ-
മാട്ടം മലഞ്ചെരിവിൽ വെൺമുകിലിൻ ചയംപോലെ.

ഒട്ടപ്പുറത്തുടനെ ഞങ്ങൾ ദിനേശരശ്മി
ചെട്ടങ്ങളിങ്ങിടവിട്ട മരങ്ങൾ കണ്ടു

പെട്ടെന്നു വീപ്പുതടവൂ,മനവും കിനാവു
വിട്ടങ്ങുഷസ്സിലുണരും ശിശുപോൽ കളിപ്പൂ.

നൂനം മനോഹര വനങ്ങളിലിച്ഛപോലെ-
യാനന്ദമാൎന്ന മരുവും ചരജീവിവൃന്ദം
ജ്ഞാനം വഹിക്കുകിലവററയിലേകമാവാൻ
ഞാനെപ്പൊഴും മതിയിൽ മോഹമിയന്നിടുന്നു.

നില്ക്കാമട്ടത്തിവിടെയാന മുളന്തടത്തിൽ,
ഇക്കണ്ട വള്ളിമറയിൽ കടുവാ കിടക്കാം;
അക്കാഴ്ച്ചമോൎത്തടവിയിൽ പ്രണയം വിടുന്നി;-
ല്ലുൾക്കാമ്പു പേടിയറിയാ സുഖമേറിടുമ്പോൾ.

വിണ്ണുററമാഞ്ഞുവളരും മുളതൻെറ മൈലിൻ
കണ്ണുററപീലി സമമാം തഴ കാററിലാടി
തിണ്ണെന്നഴുക്കുകൾ തുടച്ചു നഭസ്സിൽ നീല-
വണ്ണം പൂശുക്കിടുകയല്ലി വസന്തമെത്താൻ?

കെട്ടിശ്ശിശുക്കളെയിഴച്ചു മരത്തിലൊന്നു
വിട്ടൊന്നിലൂക്കൊടു കുരങ്ങുകൾ ചാടിടുമ്പോൾ
പൊട്ടിച്ചിരിച്ചു വഴിമേലരുളുന്നു ഞങ്ങൾ-
ക്കൊട്ടേറെ മോദമതിവിസ്മിതരാം കിടാങ്ങൾ.

നില്ലാതെപോയ് ശിശിര,മേറെ വിടൎന്ന പൂക്ക-
ളില്ലായ്കിലും നെടിയ പൊയ്ക തരുന്നു മോദം,
വല്ലാത്ത രോഗവിഷമസ്ഥിതി വിട്ടുമെല്ലെ-
യുല്ലാസഭാവമെഴുമിഷ്ടജനം കണക്കേ.

ആൎത്തും വിളിച്ചു,മിടയിൽച്ചിറകാഞ്ഞടിച്ചു
നീൎത്തുള്ളിപാറി നിരയായ് നിരയായ് പറന്നും,
പേൎത്തും ജലോപരി പതിച്ചു,മുഴന്നു പക്ഷി-
ച്ചാൎത്തുൽപ്പതിച്ചു,മിതചേക്ക തിരഞ്ഞിടുന്നു.

മേയുന്ന കാലികളുമൊത്തിടയക്കിടാങ്ങൾ
പോയുള്ള പുല്ലുകൾ നിറഞ്ഞ നിലത്തിലൂടെ
തേയാത്തൊരോമ്മതരുമപ്പുകൾ പൊയ്മൂവാക്കിൽ
മായുന്നതോത്തിവിടെ ഞങ്ങൾ നടന്നിടുന്നു.

ദൂരത്തു പശ്ചിമതടത്തിലെരിഞ്ഞടങ്ങും
സൂര്യന്റെ കാന്തിയുമിരുട്ടുമിടഞ്ഞിടുന്നു;
ഉയരിൽകൊളുത്തിയ വിളക്കുകൾ, പൊങ്ങിടാത്ത
താരങ്ങൾപോ,ലകലെ മങ്ങിവിളങ്ങിടുന്നു.

അന്തിക്കു മൊട്ടുകൾ വിടന്നൊരു കാട്ടുമല്ലി
ചിന്തും മണത്തൊടു തണുത്തു കൊഴുത്ത തെന്നൽ
പന്തിക്കു ചെററു പനിനീരു പൊടിഞ്ഞുവീശി-
യെന്തുള്ളലിഞ്ഞു കുളരം കടയുന്നതല്ലീ?

ചാരത്തു കായ്നിര പഴുത്തു മണം കലന്ന
പേരാലിൽ വന്നു കടവാതിൽ നിറഞ്ഞുപോയി
നേരേ നിലാവതിൽ മുതിന്നു പറന്നുമുങ്ങ-
യോരോരു മൂലകളിൽ മൂളിയിരിപ്പുമായി.

എങ്ങും പരക്കുമൊരു മൂടലിയന്നു,മങ്ങു-
മിങ്ങും ചടച്ചു വിളറും ചെറുകൊണ്ടലാന്നും,
മങ്ങുംനിലാവിൽ മരവും നിഴലും നിലത്തി-
ലങ്ങിങ്ങു രാവിരുളുകൂട്ടുവതോ നിരത്താൻ?

വന്നമാല]   [എൻ. കുമാരനാശാൻ

രണ്ടു കർഷകന്മാർ.

ആരാമമരങ്ങൾ പൂക-
ന്നീട്ടവാൻ വെമ്പീടുന്നു

ഏകാമല്ലകാലത്തിനാൽ
ഭിക്ഷാപാത്രവുമേന്തി

ശ്രീതഥാഗതൻ ചെന്നു
കൃഷകധനികന്റെ

വാതിലിങ്കൽ, കരുണതൻ
കിരണം ചുററും വീശി.

മുന്തിലാമുററത്തുള്ള
പൂത്തിലഞ്ഞിതൻ പൂത്ത

കൊമ്പിൽനിന്നവിടുത്തെ-
പ്പാത്രത്തിൽപ്പതിക്കയായ്

ആ മരം സമാർജ്ജിച്ച
വാസന്ത സമ്പത്തെല്ലാം;-

മന്ദമൊരാമോദ-
മന്തരിക്ഷത്തിൽത്തിങ്ങി.

രാജലക്ഷ്മിയും യശോ-
ധരയും സ്വയംപുല്കാൻ

രാഗവിഹ്വലം മോഹി-
ച്ചിരുന്നാത്മൈക്യമെല്ലെ

കേവലമൊരുപിടി
വരിനെല്ലിനായ് ലോക-

പാലനൻ നീട്ടീ ദിവ്യ-
ശരണത്രയീധനൻ.

നെല്ലളന്നിട്ടും കൊണ്ടു
നില്ലുമക്കൃഷിക്കാരൻ

തെല്ലുനീരസമോടേ
പിച്ചക്കാരനെ നോക്കി,

“വേലചെയ്യണം, വേല—”
സമ്പന്നനക്കണ്ണിൻെറ

ചുളുപ്പിച്ചുംകൊണ്ടു
തന്നർത്ഥശാസ്ത്രം നീർത്തി.

“കാവിമുണ്ടുകാർക്കൊക്കെ-
സ്സുഖിക്കാനുള്ളാസ്സത്രം

ദ്യോവിലാ;ണവിടേയ്ക്കു
പോയ്ക്കൂടേ വൈകിക്കാതെ?

ഞാനിരക്കുവാൻ ചെന്നാൽ
വയലേകില്ലാ ധാന്യം;

ഞാനിയല്ലല്ലോ നിലം
വേദാന്തം ശ്രവിക്കുവാൻ.”

മന്ദപുഞ്ചിരിക്കൊണ്ടു
ഗൗതമൻ ചൊല്ലീ:—“ഞാനു-

മെന്നുടെ നിലയ്യോരു
കൊച്ചുകർഷകനത്രേ.

കാട്ടുകൾ പിടിച്ചെഴും
മർത്ത്യമാനസത്തിന്റെ

മേട്ടുകൾ നിരത്തിയി-
ട്ടൊക്കെയും സമമാക്കി,

കനിവുമഹിംസയും
പ്രേമവുമൊലിപ്പിച്ചു

നനവുണ്ടാക്കിശ്ശുദ്ധ-
സാത്വികസംസ്കാരത്തിൽ

ശാന്തജീവിതം വിത-
ച്ചീടുവാൻ, ശ്രമിക്കയാം

ഞാൻതന്നി; ച്ചതിൽനിന്നു
രോമാഞ്ചം കൊയ്യും ലോകം.

ഭാവിയിലതിൻ ബീജ-
മന്തരിക്ഷത്തിൽക്കൂടി-

ബ്ഭൂവിലൊക്കെയുമെത്തും,
മുളയ്ക്കും, കതിരിടും.

എൻനുകം ചുമക്കുവാൻ
മൂകജീവികളില്ല;

എന്നകം നിറയ്ക്കുവാ-
നില്ലൊററവേലക്കാരൻ!

ഞാനൊരുവെറും സാധു
കർഷകൻ, വിളവെല്ലാ

മാനവർക്കളായൊപ്പം
കൊയ്യുവാൻ കൊടുക്കും ഞാൻ.”

കാവിമുണ്ടെല്ലാം തന്നെ
കളവെന്നോതിപ്പോയ

നാമുടൻ ക്ഷമയ്ക്കായി-
ത്തൻഭിക്ഷാപാത്രം നീട്ടി.

പാടുന്ന കല്ലുകൾ] [ജി. ശങ്കരക്കുറുപ്പ്

പൂക്കാരി

പൂലേഖപൂണ്ട പുതുവസ്ത്രമുടുത്തു, പൂപ്പ-
ട്ടാലേ റവുക്കയുമണിഞ്ഞു, കരാംബുജത്തിൽ
പൂലേസെടുത്തു, പുരിവാർകുഴൽ പുഷ്പമാല്യ-
ത്താലേപിണച്ചൊരിവൾ പൂക്കൾ കൊടുത്തിടുന്നോൾ.

“പൂക്കൊട്ടയെന്റെ മുടിയിൽ, പുതുതായവള്ളി
പൂക്കുന്നപോലെ വിലസുന്നതു കണ്ടുകൊൾവിൻ!
പൂക്കുന്നു വേണമിനിയെങ്കിലു,മെന്റെ വാടി
പൂക്കുന്ന തേനലർ പറിച്ചുതരാമസംഖ്യം.

ഹാ, വേഗമിങ്ങുവരുവിൻ! തെരുവിൽക്കിടന്നു
പോരവേണ്ട, പൂക്കളിത വന്നു വിലയ്ക്കുവാങ്ങിൻ!
ശ്രീവേഷധാടിയിലഭീപ്സിതമാർന്ന വണ്ടാർ-
പ്പൂവേണിമാരിവിടൊരുത്തരുമില്ലയെന്നോ?

ചൃരതിക്കൊരന്തമണയാത്ത വിശിഷ്ടമായ
ജാതിപ്രസൂന ഗണനിർമ്മിതനമ്മമാല്യം
നീതിക്കു ഞാനൊരു വിലയ്ക്കു കൊടുത്തിടാം, നേർ-
പ്പുതിക്കു വെച്ചതു മറിക്കുക മൌഢ്യമോർത്താൽ.

തേക്കുള്ള ചമ്പകസുമങ്ങളിണക്കിവെച്ചു
കോലുന്ന ഭംഗികലരുന്നൊരു മാലകാണ്മിൻ!
ഷാലുള്ള വാനരവധൂടികളല്ല, വണ്ടു-
പോലുള്ള വാർകുഴലിമാരിതു വന്നുവാങ്ങിൻ!

ണേരാറ താമരസപുഷ്പഗണങ്ങളാൽ, ത്തു-
നാരങ്ങ ഞാൻ നടുവിൽവെച്ചു രചിച്ചമാല്യം
ആരത്ര വാങ്ങുവതിനിന്നു? നതാംഗിമാരിൽ
സാരജ്ഞരാമവർ സമീപമണഞ്ഞു നോക്കിൻ!

ഹാ, വാങ്ങുവിൻ! വിലകുറച്ചുതരാം വിശുദ്ധ-
ദേവാർച്ചനയ്ക്കു തുളസീദളമാല്യമിപ്പോൾ;
ദാവാനലപ്രതിമ ദുഃഖമശേഷമററു
പോവാനിതൊന്നുമതിയെന്നു മനസ്സിലാക്കിൻ!

പോകുന്നു ഞാൻ; രവിമറഞ്ഞു; വിഹംഗവൃന്ദം
പൂകുന്നു കൂട്ടിലണവാൻ ധൃതികൂട്ടിയിപ്പോൾ;
ആകുന്നപോലെ കൃഷിചെയ്തു പറിച്ചപൂക്ക-
ളേകുന്നതിന്നിവൾ തയാർ, വരുവിൻ ക്ഷണത്തിൽ.!”

എം. ആർ. കൃഷ്ണവാരിയരുടെ
കൃതികൾ.]

[എം. ആർ. കൃഷ്ണവാരിയർ.

പുതുമഴ പെയ്യുമ്പോൾ

"അമ്മേ, വല്ലവാറു വെക്കംവെളിയിലേ-
ക്കല്ലെങ്കിലിമ്മഴ തോർന്നുപോമേ;
എന്തൊരാഹ്ലാദമാ മുററത്തടിക്കടി
പൊങ്ങുന്ന വെള്ളത്തിൽത്തത്തിച്ചാടാൻ."

എന്മകൻ പിക്കൊന്നെട്ടക്കളയുൾപ്പൂകി-
യിമ്മട്ടമാലോചിച്ചാൻ വീണ്ടുംവീണ്ടും.
ഏറ്റുംവെടിപ്പുററ ചാമ്പലിൽനിന്നു ഞാ-
ന്നതിവളർത്തിട്ടും പൊൻപാവകൾ,
അങ്ങടുപ്പുള്ളുള്ള പാത്രത്തിൻചൂഴവേ.
ഭംഗിയിൽ ചാഞ്ചാടിക്കൊണ്ടിരുന്നു.

പിൻതിരിഞ്ഞുണ്ണിയെക്കണ്ടപ്പോളെൻമന-
സ്സെന്തിനോ തെല്ലു നടുങ്ങിപ്പോയീ!
പിന്നിക്കിടക്കും തൽക്കുന്തൽച്ചുരുൾകളിൽ
മിന്നിനിൽക്കുന്നു മഴത്തുള്ളികൾ;
ആർദ്രമാം മുററത്തെച്ചെമ്മണ്ണക്കാൽകളി-
ലാകവേ പററിപ്പിടിച്ചിരിപ്പൂ.

മൺചുമരിന്മേൽച്ചിത്രംവരച്ചൂയാ-
ണോമലിൻ പൂങ്കൈ കരിക്കൊള്ളിയാൽ.
മട്ടേറെജ്ജീവിതായാസക്കോട്ടംപുക
തട്ടിത്തെളിവററൊരച്ചുമരോ,
ഭൂതവിനോദപ്രസക്തിയിൽ പുച്ഛത്ത-
ചിത്രമുഖം കനപ്പിച്ചുനിന്നു.

ഭാവം പകൎന്നു ഞാൻ വെമ്പിയെഴുന്നേററു
തൂവെള്ളച്ചേല പിടയ്ക്കുംവണ്ണം.
പൈതലോ തൻ കളിത്തുവൽ നിലത്തിട്ടു
ഭീതിപൂണ്ടെൻ മുഖത്തുററുനോക്കി;
തെല്ലരികത്തായടുപ്പത്തു പാത്രത്തിൽ
വെള്ളംതിളച്ചു മറിഞ്ഞിരമ്പി;
ധൂമപടലം കിളിവാതിലിലൂടെ
വ്യോമത്തിലേയ്ക്കു കുതിച്ചുയൎന്നു.
“ഈ മഴയത്തിനിപ്പോയെങ്കിൽ”—നിൎത്തിഞാ-
നോമനയോടി മറഞ്ഞാനെങ്ങോ!

വാതില്ക്കൽച്ചെന്നുടൻ സോൽക്കണ്ഠമൊന്നു ഞാൻ
വാരററമുററത്തു കണ്ണോടിച്ചു.
ആകാശം വിട്ടങ്ങുഴറിയെത്തീടുന്നി-
തായിരമായിരം നീൎത്തുള്ളികൾ;
പാഞ്ഞടുത്തന്യോന്യം കെട്ടിപ്പുണരുന്നു
പാൽനരപ്പുഞ്ചിരിയിട്ടലകൾ;
സ്വച്ഛന്ദം നീന്തിയും മുങ്ങിയും ക്രീഡിപ്പു
കൊച്ചുകുമിളകൾ നീളെനീളെ;
“പോരുപുറത്തേയ്ക്കു”ന്നാംഗ്യങ്ങൾകാട്ടുന്നു
നീരാണ്ടുനില്ക്കുന്ന പുൽക്കൊടികൾ.

താൻതാനുരുവിട്ടേനേവ“മെനിക്കുണ്ണി
തൻകളിച്ചങ്ങാതിയാവാമെങ്കിൽ!”

കുടുംബിനി]   [നാലപ്പാട്ടു ബാലാമണിയമ്മ

നിത്യവിശ്രമം

GOVT. HIGH SCHOOL, KOTTAYAM. Date..........

നിഷ്ക്രമിച്ചല്ലോ പുണ്യം;
    നിസ്സ്വയാമിന്ത്യയ്ക്കായി

സ്വർഗ്ഗമിങ്ങേകിക്കൊണ്ടു
    കല്പകം വേരററല്ലോ!

അസ്തമിച്ചല്ലോ സത്യം,
    സാന്ദ്രമാം തമസ്സിൽനി-

ന്നസ്മദംബയെ വീണ്ടോ-
    രേഷ്യതൻ ജ്യോതിഷ്കാണ്ഡം!

സൌവർണ്ണകാലം നമ്മ-
    ക്കുത്തമോത്തമമുയിർ-

ക്കൊൾവൊരിക്കാലമെന്നു
    പാടിയിന്നലെ നമ്മൾ.

ആനന്ദസ്വപ്നസ്വത്തെ-
    ത്തീനാളം വിഴുങ്ങിയ

ഹീനമാം കാലത്തിന്നും
    സാക്ഷികളായീ നമ്മൾ.

മാനവസംസ്കാരത്തിൻ
    ഗോപുരം തകർന്നില്ലേ?

ദീനർ നാ,മനാഥർനാം,
    ആഹതകാമന്മാർ നാം!

കോൾമയിർക്കൊള്ളിപ്പിച്ചു
ലോകരെദ്ദിവാരാത്രം

ഭൂമിയിൽ സ്വർഗ്ഗം മുട്ടി
നിന്നുരണ്ടാശ്ചര്യങ്ങൾ:

ഒന്നു ദുർഗ്ഗമോത്തുംഗ-
ശൃംഗനാം ഹിമവാൻ, മ-

റ്റൊന്നു മംഗളതേജ-
സ്തോമനാം മഹാത്മാവും.

നിസ്തുലപ്രേമജ്ഞാന-
ചക്രങ്ങളിണക്കിയ

സത്യമാം മണിത്തേരി-
ലേകചക്രവുമേന്തി,

നിർമ്മലാഹിംസാശംഖ-
മൂതിക്കൊണ്ടടരാടി

കർമ്മത്തിൻ മഹാരഥ-
നേതൊരന്യായത്തോടും.

കാണുന്നു ചരിത്രത്തിൽ
സോദരലക്ഷങ്ങൾതൻ

ശോണിതം കുടിച്ചാർത്ത
വിശ്വവിക്രമന്മാരെ;

ആകുലീഭൂതന്മാർതൻ
കണ്ണുനീർക്കടലെല്ലാം—

മാചമിച്ചുതിക്കൊച്ചു-
　　　　കുംഭസംഭവൻമാത്രം!

എവിടെക്രോധം പൊന്തു-
　　　　മെവിടെശ്ശോകം ചിന്തു-

മവിടെക്കുതിച്ചെത്താൻ
　　　　ബാപ്പുവില്ലിനിമേലിൽ.

മൃതി, നീ ചതിച്ചാലും
　　　　ഞങ്ങളെന്നെന്നും കാണും

സ്മൃതിതൻചില്ലിൽക്കൂടി
　　　　സ്നിഗ്ദ്ധഗംഭീരം രൂപം:

ചാലുതിർച്ചിരിതൂകി-
　　　　ച്ചിററാട ചുററി,പ്പായിൽ

കാല്ക്കുമേൽക്കാലും വെച്ചു
　　　　കണ്ണട മൂക്കത്തേററി,

വായ്ക്കുമുന്മേഷത്തോടേ
　　　　ചർക്കയിലൂടേ നൂലു-

നൂല്ക്കലാൽ വിശ്വത്തിൻെറ
　　　　വെണ്മയ്ക്കുനീളം കൂട്ടി,

ആയിരം,ലക്ഷം,കോടി
　　　　മാനുഷഹൃദയത്തി-

ലായിരം വർത്തിക്കയാം-
　　　　ണർദ്ധനഗ്നനാം ഫക്കീർ

വിശ്രുതം വിജയശ്രീ-
ലാളിതം തഥാത്മാവു
വിശ്രമിക്കട്ടേ സത്താ-
മാത്രകബ്രഹ്മത്തിങ്കൽ!

ഇനിയെന്നു മാത്രം
അറിയേണ്ടൂ

സരോവരം] [വെണ്ണിക്കുളം

ആയിരത്തൊന്നു രാവുകൾ

അത്താഴത്തിനു പിൻപെൻറ-
യറബിക്കഥ നീർത്തി ഞാൻ
ആയിരത്തൊന്നു രാവിൻറ-
യാനന്ദത്തിലലിഞ്ഞു ഞാൻ.

കുതുകാൽക്കേട്ടതില്ലേത്ര
കാലത്തിൻ സാർത്ഥവാഹകർ
മരുഭൂമിയിൽ നിന്നെത്തു-
മാമനോഹര വൈഖരി?

അതിൻെറ വിളികേട്ടോരോ
കാലഘട്ടം കടന്നു ഞാൻ
പൂകിനേൻ മാതളം പൂക്കും
പുരിതൻ മുഖ്യപാതയിൽ.

അവിടെപ്പൂനിലാവത്തു-
ണ്ടഴകിൻ മണിമന്ദിരം.
പ്രശാന്ത നിലയിൽ സ്വച്ഛ
മധുര സ്വപ്നസന്നിഭം.

അക്കളിക്കൽക്കുടീരത്തി-
ന്നകത്തെത്തിയദൃശ്യനായ്
ക്കൂരിരുൾക്കാവലാളാമെന്നോ-
മറയ്ക്കുള്ളിലണഞ്ഞു ഞാൻ.

അവിടെപ്പനിനീർപ്പൂക്കൾ
വിരിച്ചിട്ടൊരു മെത്തയിൽ
മരുവുന്നു തേച്ച വജ്ര-
മണിപോലൊരു മന്നവൻ.

അവൻറെ വാമഭാഗത്തു-
ണ്ടുറയൂരിയ പള്ളിവാൾ;
മറുഭാഗത്തു ചാമ്പേയ-
മാലപോലൊരു മാനിനി.

ഉഴഴിചൻറെ മനസ്സാകു-
മുഗ്രസർപ്പം മയങ്ങുവാൻ
വിചിത്ര കഥയോരോന്നു
വിസ്തരിക്കുന്നു സുന്ദരി.

മങ്ങുന്നു മണിമച്ചിങ്കൽ
മണം ചിന്നും വിളക്കുകൾ;
മുല്ലപ്പൂമണമുൾക്കൊണ്ടു
മൂർച്ഛിപ്പൂ മന്ദമാരുതൻ;

അമ്പും വില്ലുമെടുത്തെത്തി-
യരികേ നില്പു മന്മഥൻ;
ഇവ യാതൊന്നുമോരാതെ
കഥയോതുന്നു കാമിനി.

കഥതീരാൻ മണാളന്റെ
കരവാൾ കാത്തുനില്ക്കവേ
കളകണ്ഠമുതിക്കുന്നു
കുളനിർഭയ സാഹിതി.

ഒഴിവില്ലാത്ത സങ്കല്പ-
മഴവില്ലാൽ മനോഹരം
പാദറയോടാലപിപ്പോരീ-
ല്പനിനീരണി നിർഝരം!

നാൾക്കു നാളക്കഥാമൃതം
നൂററു നൂററവൾ പോകവേ
ശിശുപോലെയുറങ്ങുന്നു
നഗ്നമാ ഖഡ്ഗധാരയും.

ആലിബാബയൊടൊത്തോരോ-
ന്നിധികുംഭങ്ങൾ തേടിയും,
അൽറഷീദിന്റെ നിഷ്പക്ഷ-
ധർമ്മസൂത്രങ്ങളോതിയും,

അല്ലാഡിയന്റെ ദീപത്താൽ
മണിമേടകൾ കെട്ടിയും,
സിൻബാദിനോടൊത്തു കൂടി—
സ്സ്വപ്നസിന്ധുക്കൾ താണ്ടിയും,

സുന്ദരീമണിതൻ വാണി
സ്വച്ഛന്ദം വിഹരിക്കവേ,
അറിയാതെ പറക്കുന്നി-
തായിരത്തൊന്നു രാവുകൾ.

അണിയിക്കുന്ന സുൽത്താനാ-
ക്കഥാ യജ്ഞ സമാപ്തിയിൽ
ഖഡ്ഗം കാത്തോരു കണ്ഠത്തിൽ
കല്യാണ മലർമാലിക.

ജയിപ്പൂ, വിജയിപ്പൂ നീ
മാഹമ്മദ വധൂമണേ,
ആരിത്ര ചൊല്ലിക്കാണിച്ചൂ
ചാരിത്രത്തിൻെറ ചാരുത?

മധുരസ്നിഗ്ദ്ധഗംഭീര-
വാഗ്വിലാസങ്ങൾ കൊണ്ടു നീ
മയക്കിയല്ലോ മന്നൻെറ
മനവും മന്നുമൊന്നുപോൽ.

തൃഷ്ണ ജീവിതരാശിക്കു
മകരന്ദം സ്വദിക്കുവാൻ
സഹസ്രദളമുള്ളോരു
സരോജത്തെ വിടർത്തി നീ.

അതിൻ മധുവിലാനന്ദി-
ച്ചുഴകിൻ കൂട്ടുകാരനായ്
ഗാനം ചെയ്തു രമിപ്പൂൻ ഞാൻ
ഗന്ധർവ്വ നഗരങ്ങളിൽ!

കുന്നിക്കോയ്ത്തു്]　　　[വൈലോപ്പിള്ളി ശ്രീധരമേനോൻ.

ഉണ്ണിയേശു

ബാലാർക്കബിംബപ്രഭയും—നവ്യം
പാലൊളിത്തിങ്കൾക്കതിരും—ഏക-
മൂർത്തിയായ്ത്തീൎന്നു രണ്ടായിരമാണ്ടുകൾ—
ക്കപ്പുറം ബേതലഹേമിൽ.

മന്നിൻെറ മംഗലകാന്തി—ദിവ്യ-
വിണ്ണിൻെറ ശാശ്വത ശാന്തി- ഇവ
സമ്മേളിച്ചോമനപ്പൈതലായ് മേവിയ-
ന്നമ്മയുമായ് പശുക്കൂട്ടിൽ.

ചെമ്പനിനീരലർച്ചുണ്ടും—ചാരു-
കഞ്ജനദീപ്തിയിണങ്ങി—ഏവം
ഉണ്ണിമിശിഹായെത്തൻ മടിത്തട്ടിൽക്ക-
ണ്ടംബികയാനന്ദം പൂണ്ടു.

ശാരദ ചാരുസരിത്തും—പരി-
പാവനമന്ദമരുത്തും—മട്ട-
മഞ്ജുള മന്ത്രരാഗമനോമയിൻ
പിഞ്ചിളം ചുണ്ടിൽപ്പകൎന്നു.

വിശ്വസൌന്ദര്യമുകുളം—വിരി-
ഞ്ഞീശചൈതന്യം കലൎന്നു—നിജ-
സൌരഭ്യമെമ്പാടും വീശിയുടനജ-
പാലകരോടിയണഞ്ഞെത്തി.

വാർമഴവില്ലൊളിവെല്ലും—പരി-
വേഷവലയത്തിലായി—അവർ
ലോകൈകകോമളൻ യേശുമിശിഹാ തൻ
ചാരുരൂപം കണ്ടു കൂപ്പി.

ആലോലവായുവിലാട്ടം—സുമ-
കോമളദലങ്ങൾ കണക്കെ—മന്ദം
കാലും കരവും കടഞ്ഞു കളിച്ചിത-
ല്ലുലോകൻ മായാമനുഷ്യൻ.

വിസ്തൃതവിണ്ണിൻ വിരിപ്പിൽ—ഓളം
തുള്ളുമന്താരമാഴപ്പരപ്പിൽ—കാണാം
താരാഗണംകീർത്തിമാദേവകുമാരന്റെ
കാന്തമാം കണ്ണുകൾ കാട്ടി.

പാപാന്ധകാരമകറ്റാൻ—ശിശു-
രൂപമെടുത്ത മഹേശൻ—വാണു
മേദനിൽപുലരിയൊത്തുണ്ണിട്ടിനേശനായ്
അംബിക മേരിതന്നങ്കേ.

നിസ്തുലമങ്കേളിയിൽ മുങ്ങി—പ്രേമ-
ഷിങ്കരാഗ്രാമീണർ നില്ക്കേ—വാനിൽ
ഉത്തിസ്ഫുരിക്കുമൊരുജ്ജ്വലതാരം വ-
ന്നുണ്ണിക്കമ്പടി നിന്നു.

കവിയോട്

മന്നിൽനിന്നക,ന്നേകാ-
    ന്തതയിൽ,സ്സങ്കല്പത്തിൻ
വിണ്ണിൽപ്പൊൻകിനാവിന്റെ
    മണിവീണയും മീട്ടി
ഹേ കവേ, ഭവാൻ ദുർല്ല-
    ഭാനർഘം ഭവജ്ജന്മ-
മാകവേ വീതോദ്ദേശ-
    മലഞ്ഞു കളഞ്ഞാമോ?

പാറയും കുന്നും കട്ട
    പിടിച്ച മണ്ണും ചേന്നു
പാരിടം പരുക്കനെ-
    ന്നങ്ങയ്ക്കു തോന്നാം, പക്ഷേ,
മാർദ്ദവമോലാനൊരു
    കവികല്പനയല്ലി-
പ്പാർത്തലം; അതിന്നുണ്ടാം
    സത്യത്തിൻ പാരുഷ്യങ്ങൾ.

എങ്കിലും മുകന്നീടാ-
    റില്ലല്ലോ ഭവദീയ-
സങ്കല്പ,മപ്പാരുഷ്യ-
    സൌന്ദര്യമകൃത്രിമം.
നിശ്ചയ,മെല്ലായ്പോഴും
    നിദ്ര കൊൾകയാണെങ്കിൽ
നിന്റെ കണ്ണുകൾക്കെന്നും
    സ്വപ്നമേ കാണാൻ പറ്റൂ.

ശക്തിയുണ്ടവല്ലെങ്കിൽ
മർത്ത്യജീവിതത്തിന്റെ
സത്യതേജസ്സിൻ നേരേ
നോക്കണം കൺചിമ്മാതെ.

കല്പന]. [ഒളപ്പമണ്ണ

GOVERNMENT HIGH & TRAINING SCHOOL KOTTAYAM. KERALA STATE.

നിർവ്വാണമണ്ഡലം

വാല്മീകികോകിലം കോൾമയിർക്കൊള്ളിച്ച
പൊൻമലർക്കാവെന്റെ പുണ്യമാം ഭാരതം.
ആമലർത്തോപ്പിൽ ഞാൻ വീണുരുണ്ടീടുന്ന
ശ്യാമളപ്പുൽപ്പരപ്പാണെന്റെ കേരളം.
തുഞ്ചന്റെ പൈങ്കിളിയപ്പുഷ്പവേദിയിൽ
പഞ്ചാമൃതത്തിലെപ്പഞ്ചാരചിന്നെയും.

ചന്ദനത്തൈമണിത്തെന്നലിൻ വീചികൾ
വൃന്ദാവനത്തിന്റെയാനന്ദവീർപ്പുകൾ,
ചിന്തയിൽപ്പൂത്തൊരഗ്ഗീതാസുമത്തിന്റെ
പൈന്തേനൊഴുകുന്ന മാധുരീധാരകൾ,
സത്വഗുണത്തിന്റെ വെണ്മയാ,യുത്തുംഗ-
സത്വമായ് മിന്നുമാപ്രാലേയപർവ്വതം,
നീതിധർമ്മങ്ങളാം പൊൽത്താരിനങ്ങളാൽ
നീളേ വിളങ്ങുന്ന ശാന്തിഗംഗാജലം,
ശാസ്ത്രങ്ങളും കലാജാലവും കൈകോർത്തു
ലാത്തീടുമാശ്രമവാടശൃംഗാടകം.

ഈ മർത്ത്യലോകമനോഹാരിതയുടെ
ആമോദരംഗമാണെൻമാതൃമാനസം.

ഭാവനയ്ക്കെത്തുവാൻ വയ്യാത്തൊരാശ്ചര്യ-
ഭാവത്തിലാണതിൻ സൌഭാഗ്യമത്രയും
ആ മഞ്ജുളാഭൽസംസ്കാരസീമയി-
ലാലിംഗനംചെയ്തു നിർവൃതിക്കൊള്ളുവാൻ
സ്വപ്നമെന്നിങ്ങോളിറങ്ങുവാനെത്രയായ്-
തീർക്കുന്നു നിശ്രേണി വാർമഴവില്ലിനാൽ!

സ്വപ്നമേഖല] [വി. വി. കെ. നമ്പ്യാർ

കടത്തുകാരൻ

I

കിളികളോടന്ത്യമൊഴികൾ മൂളിയാ-
പ്പുഴതൻ ഭംഗിയും നീങ്ങി.
തരള നാവുപോൽ ജലം കൊതിച്ചൊരു
വഴി പുഴയോടിണങ്ങി.
ഉരഗാഗ്രത്തിലായ് പകുത്തു പിന്നിയ
ചികുരം മാതിരി പാടം.
അതിൻകരയിലായ് മുകുളപാണിപോൽ
കടത്തുകാരന്റെ മാടം.

II

"വരുവിൻ വേഗമിക്കടത്തുതോണിയിൽ
വിരവിലക്കരെപ്പോകാൻ."
പതിവുപോലെയപ്പുഴയ പല്ലവി
പഥികരോടവൻ പാടി.
പലരും വേഗമാപ്പതിവു വഞ്ചിയിൽ
ശലഭരാജിപോൽ കൂടി.

തിരകളെ മുറിച്ചരയന്നംപോലം-
ക്കടത്തുതോണിയുമോടി.

III

ചെറുപ്പം തൊട്ടവനവിടെയന്നമ-
ക്കടത്തുതോണിയിൽത്തന്നെ.
സ്വനഗ്രാഹിയിലെ മെഴുകിൽക്കീർത്ത-
നമൊളിഞ്ഞുനിന്നിടുംപോലെ,
അനവധി സുഖസ്മരണകളതി-
ലലിഞ്ഞു നില്ക്കുകയല്ലി?
അവന്റെ തോഴനും ഗുരുവും ബന്ധുവും
അവനിയിലതു തന്നെ.
അതിൻ കയറുകിലറിയാതുള്ളിലൊ-
രുജ്ജ്വലകീർത്തനമെത്തും.

IV

കവിതൻ സുന്ദരഹൃദയം തന്നിലായ്
കൃതിയൊരാശയംപോലെ,
സുരുചിരഗ്രാമസുഷമ രൂപമാ-
ർന്നൊരു ലളിതകുമാരി,
അകലെക്കല്ലോലത്തെരുവിൽപ്പോകുവാ-
നവിടെയാഗതയാകും.
അവളെക്കാണുമ്പോൾ കടത്തുകാരന്റെ
അകമിളകിത്തുടിക്കും.

V

നദിനടുവിൽവെച്ചൊരുദിനമവ-
നതിമോദമിദം ചൊല്ലി:
“തോണിയിപ്പോൾ മറിയുകിൽ
തോഴിയെന്തു ചെയ്യും?”

അലരെതിർവിരലവളലകളി-
ലലസം താലോലിച്ചോതി:

"ഞാനൊരു ശലഭമായി
വാനിലുയർന്നീടും."

ഫലിതം കേട്ടൊരു ശിശുവിനെപ്പോലെ
കടത്തുകാരൻ ചിരിച്ചു.

"ഞാനുമൊരു ശലഭമായ്
പിൻതുടരും, തോഴി!"

മറുപടിയൊന്നുമരുളിടാതവൾ
വെറുതെ പുഞ്ചിരി തൂകി.

VI

രജതചന്ദ്രികാരുചിരമാമൊരു
രജനിയിലവർ കണ്ടു.

കനകശീകര നികരസുന്ദരം
നളിനിലാവത്തു മിന്നി.
അവരെയും വഹിച്ചൊരു മലരണി
ലതപോൽത്തോണിയും നീങ്ങി.
കടത്തുകാരനുമവളും തോളുചേ-
ർന്നൊരു പടിയിലായ് മേവി.
ഇടയ്ക്കിടയ്ക്കവർ തലകുനിച്ചോരോ
കളിവാക്കോതിച്ചിരിക്കും.
ഇടയ്ക്കിടയ്ക്കവർ മധുര കീർത്തനം
മതിമറന്നങ്ങു പാടും.
വിമലകൌമുദീ സുഷമാരാജിത-
മ്പ്രണയ നിർമ്മലരംഗം!.

VII

പുലരിയെത്തുകിൽ പതിവുപോലവൻ
കടത്തു തോണിയെപ്പൂകും.
അവളുമങ്ങാടിത്തെരുവിൽ പച്ചില-
ക്കറികൾ വില്ക്കുവാൻ പോകും.

VIII

ചലനചിത്രത്തിലഭിനയിക്കുവാ-
നവളെയാളുകൾ കണ്ടു.
പ്രതിഫലമായിട്ടുടയവർക്കൊരു
വലിയ സംഖ്യയുമേറ്റു.
അഭിനയിക്കുവാൻ ലളിതഗ്രാമീണ-
സുഭഗയെത്തന്നെവേണം.
പലദിനമലഞ്ഞൊടുവിലാളുകൾ
കൊതിച്ച പൂവിനെക്കണ്ടു.

IX

“പോകുമെന്നാൽ ധനികയായ്
പോരുകില്ലേ നാളെ?”
ഇടറും നാദത്തിലവനോടോമലാൾ
ഇതുവിധം മെല്ലെച്ചൊന്നു.
തരളചിത്തനായ് തല കുനിച്ചവൻ
അരികിലങ്ങനെ നിന്നു.
അരികിൽനില്ക്കുമാലതകളിൽക്കൂടി
തുഹിനബാഷ്പമടർന്നു.
“നിന്നെയും കാത്തിവിടെന്നും
നിന്നിടും ഞാൻ തോഴി!”
കരകളോടന്ത്യമൊഴികൾ മൂളിയാ-
പ്പുഴതൻ ഭംഗിയും നീങ്ങി.

X

കിളികലങ്ങൾ തൻകളകളം വഴി
പുലർകാലം വന്നതല്ല.
ധവളലോലമാം മുഖപടം നീക്കി
ഗിരികൾ സ്വാഗതമോതി.
പതിവുപോലെയാപ്പുഴയ തോണിയിൽ
കടത്തുകാരനും നില്പു.
കിളികളിലെഴും, തിരകളിൽത്തങ്ങും,
രസികതയവന്നില്ല.
അവന്റെ ഭംഗിയും ചിരിയും ഗമനവും
അവളൊത്തടിയകന്നോ?

XI

വിളറി വീണിടുമിലകൾ മാതിരി
ദിനങ്ങളോരോന്നടന്നു.
നറും നിലാവിനെക്കൊതിക്കും പിച്ചക-
മുകുളം പോലവനെന്നും,
ഇണയെക്കാണുവാൻ കൊതിച്ചുനിന്നിടും
കിളിയെപ്പോലവനെന്നും,
അകം നിറഞ്ഞിടുമഭിലാഷങ്ങളോ-
ടവൾതന്നാഗമം കാക്കും.

XII

പകലവൻ പിന്നെപ്പലദിനങ്ങളും
പതിവുപോലെയളന്നു.
അവനുടെയാശാലതികയിലെഴും
കലിക പിന്നെയും നിന്നു.
അവന്റെ യൌവനം കരിഞ്ഞ ചാമ്പലാ-
യലമുടയെപ്പൊതിഞ്ഞു.

അവന്റെ കണ്ണുകൾക്കരികിലൊക്കെയും
കരിനിറം വന്നടിഞ്ഞു.
കഴിച്ചുട്ടക്കയായ് വസന്തകാലമാ—
ക്കവിളിണയിലെക്കാന്തി
ന്നയലിൻ തീരത്തിൽ വടിയുമേന്തിയാ
വയസ്സനാരെയൊ കാക്കും,
ഒരുദിനം നദി നടുവിൽ വെച്ചവൻ
അറിയാതീവിധം മൂളി;

"തോണിയിപ്പോൾ മറിയുകിൽ
തോഴിയെന്തു ചെയ്യും?"

അതിനുള്ളുത്തരമലകൾ തങ്ങളെ-
യുള്ളഭാഷയിലോതി.

തിലകം] [ടി. എൻ. ഗോപിനാഥൻ നായർ

വസന്തകാന്തി

ജീവിതാനന്ദമുലകിലെങ്ങും
പൂ വിരിച്ചിട്ടുമീ വേളയിങ്കൽ,
നാകസൌന്ദര്യമീ ഭുവിലെങ്ങും
നാടകമാടുമീ വേളയിങ്കൽ
എന്തിനായ് നീ മാത്രമെൻ മനമേ,
സന്താപവീചിയിൽ മുങ്ങിടുന്നു?

പൂവും തളിരും വെളിച്ചവും പൊൻ-
പൂപോൽപ്പറന്നിടും പക്ഷികളും
ആഹ്ലാദമെങ്ങും പരത്തിടുന്നു,-
ആലപിക്കുന്നു മധുരഗാനം.
നീയിരുന്നാലുമവയോടല്ലം
ആനന്ദമേകുവാനെൻ മനസ്സേ!

വസന്തകാന്തി] [നാലാങ്കൽ കൃഷ്ണപിള്ള

ഞങ്ങൾ പോകുന്നു

പോകുന്നു പോകുന്നു ഞങ്ങൾ പടക്കളം
പൂകുവാൻ പോകുന്നു പുഷ്ടമോദം.
അക്രമരാഹിത്യം ഞങ്ങൾ ധരിക്കുന്ന
വിക്രാന്തവിപ്ലവ ചക്രമത്രേ;
സത്യവും ധർമ്മവും നീതിയും ഞങ്ങടെ
നിത്യപ്പയറ്റു കവചമത്രേ!

എങ്ങുമുഴുതുമറിച്ചു നിരപ്പാക്കി
ഞങ്ങൾ വിതയ്ക്കും സമത്വബീജം.
ദാസ്യം ചുമക്കും സഹജർക്കു ദാസരായ്
സ്നേഹം പൊഴിച്ചു നടക്കും ഞങ്ങൾ.
ത്യാഗവും ക്ലേശവുംകൊണ്ടു ജയത്തിന്റെ
പാദത്തിൽക്കാശ്മീരം പൂശും ഞങ്ങൾ.

കാരാഗൃഹത്തിൽ കരാളത ഞങ്ങടെ
നേരായമാർഗ്ഗം തടുക്കയില്ല.
മർദ്ദനം നിത്യവും നൃത്തമാടീടിലും
മർദ്ദിതർ ഞങ്ങൾ മടങ്ങുകില്ല.
സന്തോഷമേകുന്ന പൂമഴയെന്നപോൽ
ചിന്നും വെടിയുണ്ട ഞങ്ങളേല്ക്കും.

പോകുന്നു പോകുന്നു ഞങ്ങൾ, പടക്കളം
പൂകുന്നു ധർമ്മരണം ജയിപ്പാൻ.

കടത്തുവഞ്ചി] [കെടാമംഗലം പപ്പുക്കുട്ടി.

GOVT. HIGH SCHOOL, KOTTAYAM. Date..........